**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033
**ഫോൺ നമ്പർ :** 0471-2724696. ഇ-മെയിൽ: keralasocialaudit@gmail.com

No.10/MGNSASK/2024 05/11/2024

To

**ശ്രീ. വിമൽ ചന്ദ്രൻ**
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ,
കൊല്ലം ജില്ല

പ്രിയ സുഹൃത്തെ,

**കൊല്ലം** ജില്ലയിലെ **ചടയമംഗലം, ഇത്തിക്കര, ചിറ്റുമല** എന്നീ ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ 600/-രൂപ (അറുനൂറ് രൂപ)ദിവസവേതനാടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഏതാനും ഒഴിവുകളുണ്ട്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാസ്റ്റർ സർക്കുലർ അനുസരിച്ച് സ്വയം സഹായ സംഘങ്ങളിൽ നിന്നും യോഗ്യരായവരെ കണ്ടെത്തി പരിശീലനം നൽകി വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് കഴിയും. ബിരുദമാണ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ അടിസ്ഥാന യോഗ്യത. എന്നാൽ കമ്പ്യൂട്ടർ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. കുടുംബശ്രീ ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കുടുംബശ്രീ ഓക്സിലയറി ഗ്രൂപ്പിൽ അംഗങ്ങളായ ബിരുദധാരികളായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് യോഗ്യരായവരെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരായി തെരഞ്ഞെടുക്കാൻ കഴിയും. അതോടൊപ്പം മുൻകാല ജനപ്രതി നിധികളായ ബിരുദധാരികളായവരെയും ഇതിലേക്കായി പരിഗണിക്കാവുന്നതാണ്. അപേക്ഷകരുടെ ഉയർന്ന പ്രായപരിധി 35 വയസ്സാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രായപരിധിയിൽ 6 വർഷത്തെ പ്രത്യേക ഇളവ് അനുവദിക്കുന്നതാണ്.

വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ **അപേക്ഷ ഫോറത്തിന്റെ ഗൂഗിൽ ഫോറം ലിങ്ക് ഈ മെയിലിനോടൊപ്പം കൂട്ടിചേർക്കുന്നു**. പ്രസ്തുത ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കുക. യോഗ്യരായ ഉദ്യോഗാർത്ഥികൾ **2024 നവംബർ 19-നകം** അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോറം **ചടയമംഗലം** ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട 8 ഗ്രാമപഞ്ചായത്തുകളിലെയും **ഇത്തിക്കര** ബ്ലോക്കിൽ ഉൾപ്പെട്ട 5 ഗ്രാമപഞ്ചായത്തുകളിലെയും **ചിറ്റുമല** ബ്ലോക്കിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലേയും **സി.ഡി.എസ് ചെയർപേഴ്സൺമാർക്കും എ.ഡി.എസ്. പ്രസിഡന്റുമാർക്കും** അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**Link:** https://forms.gle/f7rLX6weKT1YRbKJA

വിശ്വസ്തതയോടെ,

**ഡോ.എൻ.രമാകാന്തൻ**
ഡയറക്ടർ

**കോപ്പി:** 1. ചടയമംഗലം, ഇത്തിക്കര,ചിറ്റുമല എന്നീ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
2. ചടയമംഗലം, ഇത്തിക്കര, ചിറ്റുമല എന്നീ ബ്ലോക്കിലെ എല്ലാഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
3. കൊല്ലം ജില്ലാ റിസോഴ്സ് പേഴ്സൺ.